9207

STATE POVERTY ERADICATION MISSION ★ KUDUMBASHREE ★ GOVT. OF KERALA
15 SEP 2018

17/9/18

കേരള സർക്കാർസംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ആരംഭിച്ചിട്ടുള്ള എൽ.ഇ.ഡി. ബൾബ് നിർമ്മാണ യൂണിറ്റുകളിൽ നിന്ന് എൽ.ഇ.ഡി. ബൾബ് വാങ്ങുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ കുടുംബശ്രീയുടെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളെ ഏല്പിക്കുന്നതിനും നിബന്ധനകളോടെ അനുമതി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2385/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 06/09/2018

പരാമർശം :- (1) കുടുംബശ്രീ ഡയറക്ടറുടെ 23/07/2018 ലെ 6781/ഡി/2018/ കെ.എസ്.എച്ച്.ഒ. നമ്പർ കുറിപ്പ്.

(2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 13/08/2018 ൽ കൂടിയ യോഗത്തിലെ 4.34 നമ്പർ തീരുമാനം.

## ഉത്തരവ്

കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന ജില്ലകളിലായി എൽ.ഇ.ഡി. ബൾബ് നിർമ്മാണ യൂണിറ്റുകളും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

| ക്രമ നം | ജില്ല | യൂണിറ്റിന്റെ പേര് | അംഗങ്ങളുടെ എണ്ണം | ഒരു മാസത്തെ ഉല്പാദന ശേഷി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | നവജീവൻ നന്ദിയോട് സിഡിഎസ് | 5 | 1500 |
| | | അക്ഷയം കരകുളം സി.ഡി.എസ് | 10 | 2000 |
| | | ചിറ്റലൂർ കോർപ്പ്. സി.ഡി.എസ് – 2 | 7 | 1500 |
| 2 | കൊല്ലം | ജി.എസ്. ഇൻഡസ്ട്രീസ് വെട്ടിക്കവല | 1 | 1875 |
| 3 | പത്തനംതിട്ട | ടീജ ലൈറ്റ് വർക്ക് | 5 | LED 12500<br>Tube 1250 |
| 4 | കോട്ടയം | വർണം എൽഇഡി ബൾബ് കുറവിലങ്ങാട് | 5 | LED 12500 |

| | | | | |
|---|---|---|---|---|
| 5 | എറണാകുളം | ഏയ്ഞ്ചൽ എൽ.ഇ.ഡി ബൾബ് പന്മന | 1 | 1850 |
| | | കൃപ വയോജന അയൽക്കൂട്ടം, ഉദയംപേരൂർ | 5 | 1250 |
| 6 | തൃശ്ശൂർ | ഓറിയോൺ എൽ.ഇ.ഡി. യൂണിറ്റ് മാള | 12 | 10000 |
| 7 | വയനാട് | സ്റ്റാർസ് | 5 | 3000 |
| 8 | കാസർഗോഡ് | ഫ്രഡ്സ് | 5 | 3000 |
| | | ഗ്രാമകിരണം | 23 | 5000 |
| 10 | കോഴിക്കോട് | ഷൈൻ സ്റ്റാർ എൽ.ഇ.ഡി. ബൾബ് | 10 | 2000 |
| | | പയ്യോളി ഡെലൈറ്റ് പ്രോഡക്റ്റ് | 10 | 3000 |

കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള എൽ.ഇ.ഡി. ബൾബ് നിർമ്മാണം/സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഏൽപ്പിക്കുകയും ഈ യൂണിറ്റുകളിൽ നിന്ന് എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടി ഒഴിവാക്കി നൽകുകയും ചെയ്താൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ വനിതകൾക്ക് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് വളരെ വേഗത്തിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് കഴിയുമെന്നും ആയതിനാൽ ടെണ്ടർ കൂടാതെ ഈ നിർമ്മാണ യൂണിറ്റുകളിൽ നിന്ന് എൽ.ഇ.ഡി. ബൾബ് വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഈ യൂണിറ്റുകളെ ഏൽപ്പിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം(1) പ്രകാരം കുടുംബശ്രീ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുള്ള എൽ.ഇ.ഡി. ബൾബ് നിർമ്മാണം/സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളിൽ നിന്ന് ടെൻഡർ നടപടി കൂടാതെ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഈ യൂണിറ്റുകളെ ഏൽപ്പിക്കുന്നതിനും താഴെപറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1) ഓരോ സ്ഥാപനത്തിന്റെയും/യൂണിറ്റിന്റെയും ഉല്പന്നത്തിന്റെ ഗുണനിവാരം സംബന്ധിച്ച് സർക്കാർ എൻജിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെയോ, മറ്റു സർക്കാർ വകുപ്പിന്റെയോ സാക്ഷ്യ പത്രം വാങ്ങിയശേഷം മാത്രം ഉല്പനങ്ങൾ വാങ്ങേണ്ടതാണ്.

2) സ്ട്രീറ്റ് ലൈറ്റ്  റിപ്പയറിങ് പോസ്റ്റുകളിൽ കയറി നടത്തേണ്ടതുള്ളതിനാൽ ലൈസൻസ് അടക്കമുള്ള നിബന്ധനകൾ പാലിച്ച് മാത്രം വർക്കുകൾ ചെയ്യേണ്ടതും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്ക് പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
തദ്ദേശസ്വയംഭരണ (ഡി.എ.)വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ